# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2137

05/05/2017 -ൽ മറുപടിയ്ക്ക്.

### അന്യസംസ്ഥാന കമ്പനികളുടെ പാലും പാലുത്പന്നങ്ങളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.യു.ആർ പ്രദീപ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന കമ്പനികളുടെ പാലും പാലുല്പന്നങ്ങളും വിൽപനനയ്ക്കെത്തുന്നുണ്ട്; | എ) | സംസ്ഥാനത്ത് ഏകദേശം ഇരുപതോളം അന്യ സംസ്ഥാന കമ്പനികളുടെ പാൽ ബ്രാന്റുകൾ വില്പനക്കെത്തുന്നുണ്ട്. |
| (ബി) ഇവയെല്ലാം മായം കലർന്നിട്ടില്ല എന്നും ഭക്ഷ്യയോഗ്യമാണെന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | ബി) | <u>ക്ഷീരവികസന വകുപ്പിന്</u>, ഭക്ഷ്യസുരക്ഷാനിയമം 2006 പ്രാബല്യത്തിൽ വന്നതിനുശേഷം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും അധികാരമില്ല.<br><br><u>ഭക്ഷ്യസുരക്ഷാ വകുപ്പ്</u> കേരള സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും സാമ്പിളുകൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴെ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ അയച്ചുകൊടുത്ത് പരിശോധന നടത്തിവരുന്നു.<br>ഇതു കൂടാതെ ചെക്ക്പോസ്റ്റ് വഴി കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണമേന്മപരിശോധിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മൊബൈൽ ലബോറട്ടറികൾ പ്രവർത്തിപ്പിക്കുന്നു. പാലിന്റെ ഗുണ മേന്മ പരിശോധനയിൽ മായം കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര |

നിയമമനുസരിച്ച് നടപടി
സ്വീകരിക്കുന്നതാണ്.ആഭ്യന്തര
വിപണിയിൽ
നിന്നും ലഭിക്കുന്ന പാൽ
കർശനമായ ഗുണനിലവാര
പരിശോധനകൾക്ക്
വിധേയമാക്കിയതിനു ശേഷമാണ് മിൽമ
സ്വീകരിക്കുന്നത് . കേരളത്തിലെ മിൽമ
പ്ലാന്റുകളിലെല്ലാം തന്നെ ഇതിനായി
സുസജ്ജമായ
ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്.

മിൽമ ഡയറികളുടെ ലബോറട്ടറികളിൽ
ആന്റിബയോട്ടിക്ക് ടെസ്റ്റ് അഡൽട്രേഷൻ
ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്
ബാക്ടീരിയോളജിക്കൽ
ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി
നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.
കൂടാതെ പുറമെയുള്ള NABL (National
Accreditation Board for Testing and
Calibration Laboratories) Accredited
ലാബുകൾ വഴി മിൽമയുടെ ഡയറികൾ
ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്സ്
പെസ്റ്റിസൈഡ്സ്, തുടങ്ങിയവയുടെ
പരിശോധനയും കൃത്യമായി
നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ
ഗവൺമെന്റ് ലാബ്/ഗവൺമെന്റ്
അംഗീകൃത ലാബുകളിലൂടേയും പാലിന്റെ
ഗുണനിലവാര പരിശോധന മിൽമ
നടത്തുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.